**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല, നെടുമുടി ഗ്രാമ പഞ്ചായത്തിലെ 2009-2010 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.10 പ്രകാരം തടസ്സപ്പെടുത്തിയ 2,36,574/- രൂപയ്ക്ക് (രണ്ട് ലക്ഷത്തി മുപ്പത്തിയാറായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല് രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1497/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 17/07/2019**

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 17/09/2018 ലെ എം 3-44518/16 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 21/05/2019-ലെ ഡി.കെ.എസ്.എ./1175/2019/പി റ്റി 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ല, നെടുമുടി ഗ്രാമ പഞ്ചായത്തിലെ 2009-2010 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.10 പ്രകാരം തേവൻകാട് മുതൽ അരീപ്പറമ്പ് വരെ വഴി ഗ്രാവലിട്ട് നികത്തുന്നതിനുള്ള പ്രവർത്തിയ്ക്ക് ചെലവഴിച്ച 2,36,574/- രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. നെടുമുടി ഗ്രാമപഞ്ചായത്തിലെ തേവൻകാട് മുതൽ അരീപ്പറമ്പ് വരെ വഴി ഗ്രാവലിട്ട് നികത്തുന്നതിനുള്ള പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ കാര്യമായ മാറ്റം ഉണ്ടായിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവർത്തി ചെയ്യാത്തതിനാലാണ് ടി തുകയ്ക്ക് ഓഡിറ്റിൽ തടസ്സം രേഖപ്പെടുത്തിയിരിക്കുന്നത്. റോഡിലുടനീളം ആഴത്തിൽ കുഴികളുണ്ടായിരുന്നതിനാലും മട വീഴ്ച മൂലം റോഡ് പോയതിനാലും അടിയന്തരമായി പണി പൂർത്തിയാക്കേണ്ടി വന്നതിനാൽ വഴിയുടെ ഉയരം കൂട്ടൽ ചുരുക്കേണ്ടി വന്നതിനാലുമാണ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടി വന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും നിലവിലും ഈ റോഡ് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായി നിലനിൽക്കുന്നതിനാലും ഈ പ്രവർത്തി മൂലം ഗ്രാമപഞ്ചായത്തിനോ സർക്കാരിനോ ധനനഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്തതിനാലും ടി തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിരിക്കുന്നതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. ഈ വസ്തുത അംഗീകരിച്ചുകൊണ്ടും ഓഡിറ്റ് റിപ്പോർട്ടിൽ പ്രവർത്തിയുടെ അധിക ചെലവ്, ഗുണമേന്മക്കുറവ് എന്നിവ സംബന്ധിച്ച് പരാമർശമില്ലാത്തതിനാലും ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 15/04/2016 ലെ 36(4) തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 26/10/2016 ലെ 1(4)-ാം

നമ്പർ തീരുമാനം പരിഗണിച്ചും മേൽഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ എതിരഭിപ്രായം ഇല്ലെന്ന് പരാമർശം (2) പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ല, നെടുമുടി ഗ്രാമ പഞ്ചായത്തിലെ 2009-2010 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം തടസ്സപ്പെടുത്തിയ 2,36,574/- (രണ്ട് ലക്ഷത്തി മുപ്പത്തിയാറായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി, നെടുമുടി ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**